# പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2655** **09.05.2017 ൽ മറുപടിയ്ക്ക്**

## തദ്ദേശസ്വയംഭരണ വകുപ്പിലെ അഴിമതി ഇല്ലാതാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീ. കെ. രാജൻ<br>ശ്രീ. എൽദോ എബ്രഹാം | | ഡോ.കെ.ടി ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| എ) | തദ്ദേശസ്വയംഭരണ വകുപ്പിലെ അഴിമതി ഇല്ലാതാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കുമോ; | എ) | പൊതുജനങ്ങൾക്ക് ഓൺലൈനായി / മൊബൈൽ ആപ്ലിക്കേഷൻ വഴി ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഏതെങ്കിലും വിധത്തിലുള്ള അഴിമതിയെക്കുറിച്ചുള്ളതും മറ്റു പരാതികളും സമർപ്പിക്കുവാൻ 'ഫോർ ദി പീപ്പിൾ' എന്ന പേരിൽ ഒരു വെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരായ പരാതി ഒരു പരിധിവരെ ഇല്ലാതാക്കുന്നതിനും കാര്യക്ഷമത ഉയർത്തുന്നതിനും, സുതാര്യത ഉറപ്പുവരുത്തുന്നതിനും കഴിയും.<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന വിവിധ സേവനങ്ങൾ സമയബന്ധിതമായി നൽകുന്നത് സംബന്ധിച്ച് സേവനാവകാശ നിയമം നഗരസഭകളിൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്.<br><br>ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമവും അഴിമതിരഹിതവുമാക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ഓൺലൈൻ സംവിധാനങ്ങളും ഇ-ടെണ്ടർ, ഇ-ഫയലിംഗ് തുടങ്ങിയ കമ്പ്യൂട്ടർ അധിഷ്ഠിതമായ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി പ്രവർത്തനങ്ങൾ അഴിമതിരഹിതമാക്കുന്നതിന് ശക്തമായ ഓഡിറ്റിംഗ് സംവിധാനവും നിലവിലുണ്ട്. |
| ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഏറ്റവും കൂടുതൽ അഴിമതി ആക്ഷേപമുള്ള കെട്ടിട നമ്പറും മറ്റ് അനുമതികളും നൽകുന്ന വിഭാഗത്തെ അഴിമതി മുക്തമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | ബി) | കെട്ടിട നമ്പരും മറ്റ് അനുമതികളും നിലവിലുള്ള എല്ലാ ചട്ടങ്ങളും നിയമങ്ങളും കർശനമായി പാലിച്ചുകൊണ്ട് മാത്രമേ നൽകാവൂ എന്നും ആയത് ലംഘിക്കുന്നവർക്കെതിരെ വകുപ്പുതല അച്ചടക്കനടപടികൾ ആരംഭിക്കുന്നതാണെന്നും വ്യക്തമാക്കി നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>നഗരകാര്യ വകുപ്പിൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട അനുമതികൾ നൽകുന്നതിനുള്ള അപേക്ഷ ഓൺലൈനായി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ